മുന്നണിപ്പോരാളി

ഫിബ്രവരി 1, 2012 | ലക്കം: 144 വില : ₹. 3.00

മുഖക്കുറിപ്പ്

ഇ-മെയിൽ ചോർത്തൽ ഒറ്റപ്പെട്ട സംഭവമോ?

ഇ-മെയിൽ ചോർത്തിയ സംഭവം കേരളസർക്കാരിനെ പ്രതിക്കൂട്ടിലാക്കിയിരിക്കയാണ്. ചോർത്തിയവർ അങ്ങിനെയൊരു സംഭവമില്ലെന്നു നിഷേധിക്കുകയും എന്നാൽ മുൻകൂർ ജാമ്യമെന്നോണം സ്പെഷ്യൽ ബ്രാഞ്ചിന് അതിനുള്ള അധികാരമുണ്ടെന്നു പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. പിന്നെന്തിനാണ് ഈ നാണംകെട്ട നിഷേധം? ജനാധിപത്യമുഖംമൂടി എത്ര തവണ വീണുടഞ്ഞാലും അതവർക്ക് വീണ്ടുംവീണ്ടും എടുത്തണിയണം. ഭരണവർഗാധിപത്യവും ഭരണകൂട അടിച്ചമർത്തലും മറച്ചുവെക്കാനുള്ള മനോഹരമായൊരു മേശവിരിയാണ് അവരുടെ 'ജനാധിപത്യം.'

'ഏതു നാടിനേയും തങ്ങൾക്കു സംശയം തോന്നിയാൽ കടന്നാക്രമിക്കാനുള്ള അവകാശം തങ്ങൾക്കുണ്ട് ' എന്നു പരസ്യമായി പ്രഖ്യാപിച്ചത് ജൂനിയർ ബുഷ് ആണ്. അതിന് ആരേയും ഭീകര തീവ്രവാദികളെന്നും മുദ്രകുത്തും. അതാണ് സാമ്രാജ്യത്വമതം. പ്രത്യേകിച്ചും യു.എസ്സിന്റെ. തീവ്രവാദ-ഭീകരവിരുദ്ധയുദ്ധത്തിൽ അണിചേരാത്തവരെ മറുപക്ഷത്ത് നിറുത്തി യു.എസ് സാമ്രാജ്യത്വം അതിന്റെ മതം നടപ്പാക്കിയതിന്റെ കഥ ലോകമറിയും; ഇന്ത്യ അതിന്റെ ചുവടുപിടിച്ച കഥയും. ബ്രാഹ്മണ്യത്തെ ഭരണദർശനമായി സ്വീകരിച്ചിട്ടുള്ള ഇന്ത്യാഭരണകൂടം ഇന്നല്ല തുടക്കംമുതൽതന്നെ അതിന്റെ മുസ്ലിം വിരുദ്ധത പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുപുറമെയാണ് യു.എസ്സിന്റെ തീവ്ര-ഭീകരവിരുദ്ധയുദ്ധത്തിന്റെ ചുവടൊപ്പിച്ചുകൊണ്ടുള്ള അതിന്റെ മുസ്ലിംവേട്ട. സംഘടനകളെ വിദേശബന്ധം ആരോപിച്ചുകൊണ്ട് നിരോധിക്കലും യുവാക്കളെ ജയിലിൽ അടക്കലും മുസ്ലിം ജനവിഭാഗത്തെ ഭീഷണിപ്പെടുത്തി കീഴ്പ്പെടുത്തി നിറുത്താനുള്ള നീക്കത്തിന്റെ ഭാഗമാണ്. ഇന്നത്തെ ഇ-മെയിൽ ചോർത്തലും തുടർന്നുപോരുന്ന വേട്ടയുടെ ഭാഗം മാത്രമാണ്. മാത്രമല്ല ഈ ചാരപ്പണി ഭരണവർഗ്ഗത്തിന്റെ, ഭരണകൂടത്തിന്റെ രാജ്യദ്രോഹ, സാമ്രാജ്യത്താനുകൂല നയങ്ങളെ ചെറുക്കുന്ന, അതിനോടു വിയോജിക്കുന്ന എല്ലാ വ്യക്തികളിലേക്കും സംഘടനകളിലേക്കും അത് വ്യാപിപ്പിച്ചിട്ടുണ്ട്. ഇന്നത് മാവോയിസ്റ്റ് ഉമ്മാക്കി ഉയർത്തിക്കൊണ്ടാണെന്നു മാത്രം. ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല ഇത്. ഇസ്രേൽ ചാരസംഘടനയായ കുപ്രസിദ്ധ മൊഷാദും, നിന്ദ്യമായ സി.ഐ.എ, എഫ്.ബി.ഐ പോലുള്ള യു.എസ് ചാരസംഘടനകളുമായി കൈകോർത്തുകൊണ്ടാണിതു നടക്കുന്നത്. ഇതിനവർക്കു സംയുക്തമായാരു വമ്പൻ നെറ്റ്‌വർക്ക് തന്നെയുണ്ട്. എന്തിനും വഴങ്ങാത്ത സർക്കാരുകളാണ് അധികാരത്തിലുള്ളതെങ്കിൽ ആ സർക്കാരുകളെ അട്ടിമറിക്കാനും ചെറുക്കുന്ന ജനതയെ കൂട്ടക്കൊല നടത്താനുമുള്ള സമാന്തര സംഘടനാ സംവിധാനങ്ങൾവരെ സി.ഐ.എക്കും അതിനുകീഴിൽ നിർദിഷ്ട നാടുകളിലെ ചാരസംഘടനകൾക്കും ഉണ്ട്.

ഇന്ന് മൊബൈൽഫോണുകളുടെ ഭ്രാന്തമായ വ്യാപനം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതുതന്നെ മുഴുവൻ പൗരന്റേയും രഹസ്യങ്ങൾ ചോർത്താനുള്ള ലക്ഷ്യംവെച്ചിട്ടുള്ളതാണ്. ഇത്തരം ഫോൺചോർത്തലുകൾ തുടക്കംമുതൽതന്നെ ഇന്ത്യയിൽ ശക്തമാണ്. പരാതികൾ പാർലിമെന്റ് അംഗങ്ങൾവരെ, ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നു വർണ്ണിക്കപ്പെടുന്ന പാർലിമെന്റിൽ ഉന്നയിച്ചതാണ്. തെളിവു തന്നാൽ ശിക്ഷിക്കാമെന്ന വാഗ്ദാനവുമുണ്ടായി. അതിനു നിയമവുമുണ്ട്. പക്ഷേ, എങ്ങിനെയാണ് തെളിയിക്കുക? അതിലെ തമാശ ഭരണക്കാർക്കറിയാം. അതുകൊണ്ടുതന്നെ ഫോൺചോർത്തൽ അപ്പോഴും തുടരുകതന്നെയാണ്. അതുകൊണ്ടാണ് ഇ-മെയിൽ ചോർത്തിയതും വ്യക്തിയുടെ ഇ-മെയിൽ കോഡ് അടക്കം ചോർത്തിയതും ഒരു ഒറ്റപ്പെട്ടതോ പുതിയതായി സംഭവിച്ചിട്ടുള്ളതോ ആയ ഒന്നല്ലെന്ന് ഞങ്ങൾ പറയുന്നത്. അതുകൊണ്ട് ഈ നിന്ദ്യമായ പ്രവൃത്തിയുടെ സ്വഭാവത്തിന്റെ ഗൗരവത്തിന് യാതൊരു കോട്ടവും സംഭവിക്കുന്നില്ല.

സ്വന്തം നാടിനും നാട്ടാർക്കുമെതിരെ ഒരു ചാരപ്പണിയാണിത്- ആർക്കുവേണ്ടി ആയാലും. ഇത് അങ്ങേയറ്റം ജനാധിപത്യവിരുദ്ധം മാത്രമല്ല ജനങ്ങൾക്കെതിരായ ഒരു കുറ്റകൃത്യം കൂടിയാണ്. ഒരു പ്രത്യേക ജനവിഭാഗത്തിനെതിരായതുകൊണ്ടു മാത്രമാണിന്നത് ഈ രീതിയിൽ പ്രശ്നമായി ഉയർന്നുവന്നത്. വ്യവസ്ഥാപിത മാധ്യമങ്ങളും ഭരണവർഗ്ഗ രാഷ്ട്രീയ നേതൃത്വങ്ങളും ഇതിനോട് ഒരു ചിറ്റമ്മനയം സ്വീകരിച്ചിട്ടുള്ളതും അതുകൊണ്ടുതന്നെയാണ്. എന്നാൽ നീരാ റാഡിയ/രത്തംടാറ്റ പോലുള്ളവർക്കു എതിരായിരുന്നു ഈ നടപടിയെങ്കിൽ സ്ഥിതി ഇതായിരിക്കില്ല. പ്രധാനമന്ത്രിവരെ ഖേദം പ്രകടിപ്പിച്ചതാണല്ലോ! നമ്മുടെ ഭരണകൂടത്തിന്റേയും ഭരണക്കാരുടേയും, വ്യവസ്ഥാപിത മാധ്യമങ്ങളുടേയും വർഗ്ഗനിലപാടുകളിലേക്കുകൂടി ഈ സംഭവം വിരൽചൂണ്ടുന്നു.

ഭരണകൂടം നടത്തുന്ന ഈ നിന്ദ്യമായ ചാരപ്പണിക്കു പിന്തുണയാകുന്നത് അതുതന്നെ പടച്ചുണ്ടാക്കിവെച്ചിട്ടുള്ള 2008ലെ ഐ.ടി ഭേദഗതി ചട്ടമാണ്. അതുകൊണ്ട് ഇതിനെ കോടതയിൽ ചോദ്യം ചെയ്ത് തോല്പിക്കാൻപോലും സാധ്യമല്ല. ഇത് മുസ്ലിം ജനവിഭാഗത്തിനു നേരെയുള്ള പ്രശ്നം മാത്രമാണ് എന്നു കരുതി കണ്ണടക്കുന്നത് മൗഢ്യമാണ്. സ്വന്തം ജനവിരുദ്ധ, രാജ്യദ്രോഹ സാമ്രാജ്യത്വാനുകൂല നയങ്ങൾ കൊണ്ട് ഭരണവർഗ്ഗപ്പാർട്ടികളും ഭരണകൂടവും ഇന്ന് ജനങ്ങളിൽനിന്ന് വർദ്ധമാനമായ തോതിൽ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനെതിരായ എതിർപ്പുകളും ചെറുത്തുനില്പ്പുകളും ശക്തിയാർജിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ ഒരു കരിയിലയുടെ അനക്കംപോലും അവരെ കിടിലംകൊള്ളിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഭരണകൂടത്തിന്റെ/സർക്കാരുകളുടെ ചാരപ്പണിക്കും അതിനെ പിന്തുണക്കുന്ന കരിനിയമങ്ങൾക്കുമെതിരെ ശക്തമായ അണിനിരക്കലുകൾ ആവശ്യവും അവശ്യവുമാണ്. അത്തരം നീക്കങ്ങൾക്കു മാത്രമേ ഈവക ജനവിരുദ്ധ -രാജ്യദ്രോഹ നീക്കങ്ങളെ നിയന്ത്രിക്കാനെങ്കിലും കഴിയുകയുള്ളൂ.

പുതിയ ഉദാരീകരണ ആക്രമണം

സ്വകാര്യ, ഉദാരീകരണ നയങ്ങളുടെ ഒരു കുത്തൊഴുക്കാണ് 2012ലെക്കുള്ള യുപിഎ സർക്കാരിന്റെ വാഗ്ദാനം. നിർദ്ദിഷ്ട ദേശീയ ജലനയം നടപ്പാക്കുന്നതോടെ കൃഷിക്കും വീട്ടാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന വെള്ളത്തിന് മുഴുവൻ വിലയും നല്കേണ്ടിവരും. സകല സബ്സിഡികളും നിർത്തലാക്കും. വിതരണം പൂർണ്ണമായും സ്വകാര്യകമ്പനികളെയും എൻജിയോകളെയും ഏല്പിക്കും. ഈ മേഖലയിൽ വിദേശ മുതൽമുടക്ക് അനുവദിക്കും. അന്തർ സംസ്ഥാന ജലതർക്കങ്ങൾ കൈകാര്യം ചെയ്യാൻ കേന്ദ്രതലത്തിൽ സ്ഥിരമായ നിയന്ത്രക സമിതി സ്ഥാപിക്കും. ജലസേചനത്തിന് നല്കിവരുന്ന വൈദ്യുതി സബ്സിഡി നിർത്തണമെന്നും ജലനയം നിർദ്ദേശിക്കുന്നുണ്ട്. വൈദ്യുതി മേഖലയിലും നിർണ്ണായകമായ ഒരു പരിഷ്കാരം നടപ്പാക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുകയാണ്. ഇപ്പോൾ വൈദ്യുതി ചാർജ്ജ് തീരുമാനിക്കുന്നത് സംസ്ഥാന വൈദ്യുതി നിയന്ത്രക ബോർഡുകളാണെങ്കിലും അന്തിമ തീരുമാനമെടുക്കാനുള്ള അവകാശം സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമാണ്. ഇത് അവസാനിപ്പിച്ച് ചാർജ്ജ് നിശ്ചയിക്കാനുള്ള പൂർണ്ണ അധികാരം നിയന്ത്രക ബോർഡുകൾക്ക് നല്കാനാണ് പുതിയ നിർദ്ദേശം. ഡീസിലിന്റെ സബ്സിഡി അവസാനിപ്പിക്കാൻ ആർബിഐ ആവശ്യപ്പെട്ടുകഴിഞ്ഞു. റോഡ്, തീവണ്ടി ചരക്ക് ഗതാഗത ചെലവ് വർദ്ധിച്ച് വിലക്കയറ്റം കുത്തനെ ഉയരുമെന്ന് സമ്മതിച്ച ആർബിഐ തലവൻ, 'നിവർത്തിയില്ല, ധനകമ്മി കുറയ്ക്കാൻ ഇത് വേണം" എന്നാണ് അഭിപ്രായപ്പെട്ടത്. വിദേശ ബാങ്കുകളിലെ കള്ളപ്പണ നിക്ഷേപങ്ങളിൽ കാൽഭാഗം തിരിച്ചുപിടിച്ചാൽ തീർക്കാവുന്ന കമ്മിയെ ഇവിടെയുള്ളൂ. അതിന് മിനക്കെടാതെയാണ് ജനങ്ങൾക്ക് നേരെയുള്ള ഈ പുതിയ കടന്നാക്രമണം. അതോടൊപ്പം സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ വളർച്ചാതോത് കുറയുന്ന സാഹചര്യത്തിലാണ് ഈ നീക്കങ്ങൾ ആസൂത്രണംചെയ്യുന്നത്. ആഗോള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കയറ്റുമതി ആശ്രയിച്ചുള്ള വളർച്ച ക്ഷീണിച്ചു. ഇത് ഒരു അവസരമായി മാറ്റി ആഭ്യന്തരവിപണിയെ ഉത്തേജിപ്പിക്കുന്ന നയങ്ങൾ സ്വീകരിക്കാവുന്നതാണ്. ചെറിയൊരു ന്യൂനപക്ഷത്തിന്റെ ആഡംബര ആവശ്യങ്ങളെ ആശ്രയിക്കുന്നതിന് പകരം ദാരിദ്ര്യത്തിൽ കഴിയുന്ന ബഹുഭൂരിപക്ഷത്തിന്റെ വാങ്ങൽ ശേഷി ഉയർത്തിയാൽ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനമായി വിലയൊരു വിപണി രൂപംകൊള്ളും. ഇതല്ല മൻമോഹൻ സർക്കാറിന്റെ സമീപനം. വിദേശ മൂലധനം പരമാവധി ആകർഷിക്കുന്നതിന് സാമ്രാജ്യത്വ ശക്തികൾ ആവശ്യപ്പെടുന്ന ഉദാരീകരണ നയങ്ങൾ നടപ്പാക്കാനാണ് തിരക്ക്. 2005ൽ ലോക ബാങ്ക് മുന്നോട്ടുവച്ചവയാണ് പുതിയ ജലനയ കരടിലെ നിർദ്ദേശങ്ങൾ. വേണ്ടെന്നു ധരിപ്പിക്കുന്ന 'വിപണി മൗലികവാദ'ത്തിന് മൻമോഹൻ കീഴ്പ്പെടുന്നതാണോപ്രശ്നം? അല്ല. മൻമോഹൻ ഉൾപ്പെടെയുള്ള ഭരണവർഗങ്ങളുടെ ദല്ലാൾ സ്വഭാവമാണ് ഇതിലെല്ലാം നിഴലിക്കുന്നത്. മയക്കുമരുന്ന് അടിമയെപോലെ തളരുമ്പൊൾ ഉടനെ ഒരു 'ഡോസ്' കിട്ടണം, ഒരു ഡോസ് വിദേശ മൂലധനം. അതാണ് അവരുടെ ആശ്രയം. ഉയരുന്ന ലോക ശക്തിയായി ഭാവിക്കുമെങ്കിലും ഇതിലൊരു മാറ്റം അസാധ്യമാണ്. •

ഫെബ്രുവരി 18സഖാവ് വർഗ്ഗീസ് രക്തസാക്ഷിദിനം

കേരളത്തെ സംബന്ധിച്ചിടത്തോളം വർഗ്ഗീസ് രക്തസാക്ഷിദിനം ആശയദൃഢതയുടെയും അതിനെ ആധാരമാക്കിയ അനുഷ്ഠാനത്തിലുള്ള നിഷ്കർഷതയുടേയും ആവശ്യത്തെ ഓർമ്മപ്പെടുത്തുന്ന ദിനമാണ്. തനിക്കെന്തു സംഭവിക്കുമെന്നു ചിന്തിക്കാതെ ആത്മത്യാഗത്തിന്റെ പാത സ്വീകരിച്ച മറ്റനേകം രക്തസാക്ഷികളെ അത് ഓർമ്മപ്പെടുത്തുന്നു. ഭരണകൂടവും ഭരണവർഗ്ഗങ്ങളും സാമ്രാജ്യത്വവും മറ്റെന്നത്തെക്കാളും ഇന്ന് ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ടിരിക്കുന്നു. വെറും കരിയിലയുടെ അനക്കംപോലും അവരെ അസ്വസ്ഥരും ഭയവിഹ്വലരുമാക്കുന്നു. അതുകൊണ്ടുതന്നെ അതിന്റെ അടിച്ചമർത്തലുകളും ഇന്ന് പൂർവ്വാധികം ശക്തമാണ്. അതിനു മുമ്പിൽ പതറാത്തവർക്കുനേരെ അത് മധുരംപുരണ്ട വെടിയുണ്ടകൾ ഉതിർക്കുകയും ചെയ്യുന്നു. തിരുത്തൽവാദത്തിന്റെ വിവിധരൂപഭാവങ്ങളെ തിരിച്ചറിയാനുള്ള ആശയശാസ്ത്രദൃഢത കൈവരിക്കുകയും ജനങ്ങൾക്കും നാടിനും വേണ്ടി തുനിഞ്ഞിറങ്ങാൻ മനസ്സുറപ്പിക്കുക എന്നതും മാത്രമാണി ന്നത്തെ ഏക പോംവഴി. എല്ലാ വ്യാമോഹങ്ങളേയും കൈവെടിഞ്ഞ് ത്യാഗത്തിന്റെ പാതയിൽ അണിനിരക്കാൻ രക്തസാക്ഷികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

അനുസ്മരണം

ഡോ. സുകുമാർ അഴീക്കോട്

തികഞ്ഞ കമ്മ്യൂണിസ്റ്റ് വിരുദ്ധതയിൽ നിന്നുകൊണ്ട് ചിന്തിക്കുകയും എഴുതുകയും ചെയ്ത സുകുമാർ അഴീക്കോട് തന്റെ ഈഗൊയെ തൊട്ടുകളിക്കാൻ ആരെയും അനുവദിച്ചില്ല. ഉറ്റ സഹപ്രവർത്തകരോടുപോലും കലഹിച്ചു. പക്ഷെ, അന്വേഷകനുകിയായ ഒരാൾക്ക് ഒരിക്കലും യഥാർത്ഥ രാജ്യസ്നേഹി ആയിരിക്കുന്നിടത്തോളം വസ്തുതകളിൽ നിന്ന് സത്യം കണ്ടെത്താരിക്കാനാകില്ല. 'തത്വമസി'യുടെ സ്രഷ്ടാവിന് ഇന്ത്യൻ യാഥാർത്ഥ്യങ്ങളിലേക്ക് സഞ്ചരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഗാന്ധിയനാണെന്ന് അവസാനംവരെ ആവർത്തിച്ചു പറഞ്ഞ അഴീക്കോടിന് കോൺഗ്രസ്സിനേയും കോൺഗ്രസ്സ് ഭരണത്തേയും അവസാനം 'ഭരണവർഗ്ഗക്കാരെ' ആകെത്തന്നെയും വിമർശിക്കേണ്ടിവന്നു. അവരിൽ നിന്നെല്ലാം അകലം പാലിക്കാൻ ഒരു മടിയും അദ്ദേഹം കാണിച്ചില്ല. (സാഹിത്യ വിമർശകൻ, ഗ്രന്ഥകർത്താവ് ആ നിലയിൽ എഴുത്തുകാരൻ എന്നതിലുപരിവർത്തമാനകാലം കണ്ടിട്ടുള്ളതിൽവെച്ച് ക്ഷുഭിതനായ വാഗ്മി എന്നതിലാണ് അഴീക്കോടിന്റെ പ്രഭാവത്തിന്റെ പ്രധാന അടിവേര്. ബാബറി മസ്ജിദ് തകർത്ത സവർണ്ണ ഫാസിസ്റ്റുകൾക്കെതിരെ ഉറച്ച നിലപാടെടുത്ത് നടത്തിയ ഇടപെടലായിരുന്നു ശരിക്കും വഴിത്തിരിവ്. മുഖംനോക്കാതെ ചേരിനോക്കാതെ തനിക്കു പറയാനുള്ളത് പറയുന്നതിലുള്ള അഴീക്കോടിന്റെ കൂസലില്ലായ്മ അദ്ദേഹത്തിന് ശത്രുക്കളേയും സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അതൊന്നും അദ്ദേഹത്തിന് ബാധകമായിരുന്നില്ല. ശത്രുക്കളെക്കാളും മിത്രങ്ങളെയാണ് അദ്ദേഹത്തിന് തന്റെ നിലപാടുകളും സമീപനങ്ങളും ഉണ്ടാക്കിയിട്ടുള്ളത്.

സുകുമാർ അഴീക്കോടിൽ ഒരു അനുസ്യൂതമായ പരിവർത്തനം നമ്മൾക്ക് കാണാൻ കഴിയും. ഒരു യഥാർത്ഥ രാജ്യസ്നേഹിയിൽ ഉണ്ടാകേണ്ട പരിവർത്തനം അദ്ദേഹത്തിന്റെ ഭാഷയിൽ 'ഒരു ഒറ്റയാൾ പട്ടാള'മാകേണ്ടി വന്നപ്പോഴും വർദ്ധിച്ചുവരുന്ന, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖലയിലെ സാമ്രാജ്യത്ത്വ സാന്നിദ്ധ്യത്തിനെതിരായ അദ്ദേഹത്തിന്റെ വാതോരാതുള്ള കടന്നാക്രമണങ്ങളിൽ ഇതു പ്രകടമായിരുന്നു. വിദ്യാർത്ഥികൾക്കെതിരെ യുവാക്കൾക്കെതിരെ ഭരണകൂടത്തിന്റെ ആക്രമണമുണ്ടാകുമ്പോൾ അത് തന്റെ ശരീരത്തിനേറ്റ ആക്രമണമായി അദ്ദേഹം കണ്ടിട്ടുണ്ട്. ജീവിതം അസഹ്യവും അസാധ്യവുമാക്കുന്ന ലാലൂർ പോലുള്ള മാലിന്യത്തിനെതിരായ പ്രത്യക്ഷ സമരങ്ങളിൽ അദ്ദേഹം വ്യവസ്ഥാപിത ഇടതുപക്ഷേതര ജനകീയപക്ഷത്ത് അണിനിരന്നു. വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങൾക്കെതിരെ ഭരണകൂട ഭീകരതകൾക്കെതിരെ അദ്ദേഹം ഗാന്ധിയേയും ഗാന്ധിസത്തേയും മറന്ന് ജനപക്ഷത്തുനിന്നു. കേന്ദ്രസർക്കാർ ജനങ്ങൾക്കും മാവോയിസ്റ്റുകൾക്കും എതിരായി ആരംഭിച്ച ഓപ്പറേഷൻ ഗ്രീൻഹണ്ടിനെതിരായ സമ്മേളനത്തിൽ പങ്കെടുക്കുന്നിടത്തോളം അദ്ദേഹത്തിലെ മാറ്റം, ബലപ്രയോഗം ഉപേക്ഷിച്ചെന്ന് എഴുതിത്തന്നാൽ (കേരളത്തിൽ)രാഷ്ട്രീയത്തടവുകാരുടെ മോചനത്തിനുള്ള പ്രസ്ഥാനത്തിൽ സഹകരിക്കാമെന്ന് നിലപാടെടുത്ത അവസ്ഥയിൽനിന്നുള്ള മാറ്റം, സ്പഷ്ടമാണ്.

-പത്രാധിപസമിതി

ചീത്ത ആളുകളെ പുറത്താക്കാൻ നല്ല ആളുകളായി അവതരിക്കുക

(2011 ഫെബ്രുവരി 2-ാം തീയതി യുദ്ധവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ തേക്കിൻകാട് മൈതാനിയിൽ നടന്ന ഗ്രീൻഹണ്ടിനെതിരായ സമ്മേളനത്തിൽ അധ്യക്ഷം വഹിച്ചുകൊണ്ട് ഡോ. സുകുമാർ അഴീക്കോട് നടത്തിയ അധ്യക്ഷപ്രസംഗത്തിലെ ചില ഭാഗങ്ങൾ താഴെ പ്രസിദ്ധീകരിക്കുന്നു.)

നമ്മൾ തുടക്കത്തിൽ എന്തൊക്കെയോ ആണ് പറഞ്ഞുവെച്ചത്. അതിൽ 90 ശതമാനവും മറന്നുപോയിരിക്കുന്ന ഒരു ജനതയാണ് നാം. ഒരു നാടകസ്റ്റേജിൽ ഒരു നാടകം അവതരിപ്പിക്കുമ്പോൾ അതിന്റെ വേഷം അഭിനയിക്കുന്നതിനു ചേർന്ന സംഭാഷണങ്ങളൊക്കെ പഠിച്ച് വേദിയിൽ വന്ന് അഭിനയിക്കുമ്പോൾ സംഭാഷണപാഠം ഏറെക്കുറെ മറന്ന്, എന്തെല്ലാമോ വിളിച്ചുപറയുന്നവനെ സ്റ്റേജിൽ കൈയേറ്റം ചെയ്യുമെന്നതിനെപ്പറ്റി പറയാനില്ല. രാഷ്ട്രീയവേദികളിൽ അഭിനയിച്ച് അവതരിപ്പിക്കേണ്ട പാഠം മറന്ന് തൽക്കാലം രക്ഷപ്പെടാൻ എന്തെല്ലാമോ നോൺസെൻസ് പറയുന്ന ഒരു അസംബന്ധ നാടകമായി നമ്മുടെ രാഷ്ട്രീയ നാടകത്തെ രൂപാന്തരപ്പെടുത്തിയിരിക്കയാണ്. അതു സമ്മതിക്കില്ല എന്നു പ്രഖ്യാപിക്കാനുള്ള സമ്മേളനമാണിത്. നമ്മുടെ രാജ്യത്ത് ജനകീയമായ അവകാശം സ്ഥാപിക്കാതെ മറ്റാരുടെയോ അവകാശം സ്ഥാപിക്കാൻവേണ്ടി ശ്രമിക്കുന്നവരെ പുറത്താക്കാൻവേണ്ടി കാത്തിരിക്കണോ എന്ന് ഗൗരവമായി ചിന്തിക്കേണ്ട ഒരു ഭരണഘടന പ്രതിസന്ധിയേയാണ് നാം നേരിടുന്നത്. നാമിത് ഉന്നയിക്കുമ്പോൾ എല്ലാം ഭരണഘടനയിൽ ഉണ്ട് എന്നാണു പറയുന്നത്.

ആകാശത്തിൽ നക്ഷത്രങ്ങൾ ഉണ്ട്. പക്ഷെ, ഭൂമിയിൽ ചെടികൾ ഉണങ്ങിയിരിക്കുകയാണ്. നദികൾ വറ്റിയിരിക്കുകയാണ്. ചെടികളിൽ പൂക്കളില്ല നറുമണവുമില്ല. വറ്റിയ നദികൾ ജീർണ്ണമാണ്. എന്നു പറയുമ്പോൾ ആകാശത്ത് നക്ഷത്രങ്ങൾ ഉണ്ടെന്നു പറയുന്നവനെ എന്തുചെയ്യണമെന്ന് ഈ രാജ്യത്തുള്ളവർക്കറിയാം (ശക്തമായ കരഘോഷം).

ഞാൻ 100 ശതമാനം ഗാന്ധിയനല്ലെങ്കിലും 90 ശതമാനം ഗാന്ധിയനാണ്. പക്ഷെ, ഇപ്പോൾ 84 വയസ്സായ ഞാൻ രണ്ടുമൂന്ന് കൊല്ലംകൊണ്ട് 100 ശതമാനം അക്രമിയായി മാറുന്ന തരത്തിലാണ് ഇവന്മാരുടെ പോക്കെങ്കിൽ, എനിക്ക് ആത്മഹത്യ ചെയ്യാതെ ഗാന്ധിസത്തെ രക്ഷിക്കാൻ കഴിയില്ല എന്നതാണു വസ്തുത.

ഒരു മന്ത്രി പറയുകയാണ്, അദ്ദേഹത്തിന്റെ പേര് മനോഹരമായ ബംഗാളിപ്പേരാണ്, പ്രണബ് മുഖർജി. ജനങ്ങളെ പ്രണമിക്കുന്ന ആൾ, അയാൾ പറയുകയാണ്, വിലക്കയറ്റം തടയാൻ എന്റെ പക്കൽ മന്ത്രവിദ്യയൊന്നുമില്ല. ഇതാർക്കാണ് അറിയാത്തത്. വർത്തമാനം കേട്ടാൽ ചെകിട്ടത്തടിക്കാനാണ് തോന്നുക. (സദസ്സിൽനിന്നും വേദിയിൽനിന്നും കരഘോഷം). കഴിയില്ലെങ്കിൽ ഇയാൾ വീട്ടിൽനിന്ന് എന്തിന് പുറത്തുവന്നു മന്ത്രിയായി എന്നതിന് ഉത്തരംപറഞ്ഞ ശേഷമേ ഈ തോന്ന്യാസം പറയാവൂ. മാന്ത്രികശക്തി ഉണ്ടാകുമെന്ന് വിചാരിച്ചാണ് നമ്മൾ വോട്ടുചെയ്തത്. നാലഞ്ചുവർഷം കഴിഞ്ഞപ്പോൾ യാതൊരു നിവൃത്തിയുമില്ലാതെ വന്നപ്പോഴാണ് മാന്ത്രികസിദ്ധിയില്ലെന്നു പറയുന്നത്. അതൊക്കെ നേരത്തെ ജനം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അങ്ങിനെ ഇവർ തമ്മിൽ പരസ്പരം മത്സരിക്കുകയാണ്.

അഴിമതിക്കാരനെ എത്രയോ മാസങ്ങൾ, എത്രയോ കൊല്ലങ്ങൾ കെട്ടിപ്പിടിച്ച് രക്ഷിച്ച മനുഷ്യൻ ഒരു രാവിലെ അഴിമതിയുണ്ടെന്നു പറയുന്നത് ആംഗലേയ സാഹിത്യത്തിലെ റിപ്‌വാൻ വിംഗ്ളിനെ ഓർമ്മിപ്പിക്കുന്നു. 25 കൊല്ലം അയാൾ ഉറങ്ങി ഉണർന്നുനോക്കുമ്പോൾ ആരും ബാക്കിയില്ല. ഒരു പട്ടിമാത്രം ബാക്കി. പഴയ കൂട്ടുകാരൻ. അതുകൊണ്ട് ഈ ആൾക്ക് മൻമോഹൻ റിപ്പ്മാൻ സിംഗ് എന്ന് പേരു മാറ്റണമെന്നാവശ്യപ്പെടുന്ന പ്രമേയംകൂടി ഈ സമ്മേളനം അവതരിപ്പിക്കണമെന്നാണ് അഭിപ്രായപ്പെടാനുള്ളത്. ഞാൻ നിർത്തുന്നു.

മാർക്സിസം ഇല്ലാത്ത

മാർക്സിസ്റ്റ് പാർട്ടി സമ്മേളനം

സി.ആർ.

യഥാർഥമായ ഏതൊരു കമ്മ്യൂണിസ്റ്റ് പാർട്ടിയും അതിന്റെ സമ്മേളനം വിളിച്ചുകൂട്ടുമ്പോൾ അനുവരെ അനുവർത്തിച്ചു പോന്ന അതിന്റെ ആശയശാസ്ത്ര രാഷ്ട്രീയ നിലപാടുകളേയും അതിനെ ആധാരപ്പെടുത്തിയുള്ള പ്രവർത്തനങ്ങളിലെ നേട്ടങ്ങളേയും കോട്ടങ്ങളേയുമായിരിക്കും ചർച്ചചെയ്യുക. ഇതിനവർക്ക് വഴികാട്ടിയായി വെളിച്ചംനൽകുക മാർക്സിസത്തിന്റെ ഇന്നത്തെ ഏറ്റവും ഉയർന്ന രൂപമായ മാർക്സിസം-ലെനിനിസം-മാവോയിസമായിരിക്കും.

എന്നാൽ കഴിഞ്ഞകാല സമ്മേളനങ്ങളിൽ സംഭവിച്ചതിനു വിരുദ്ധമായി ഈ പാർട്ടി കോൺഗ്രസ്സിലും ഒന്നുംതന്നെ സംഭവിക്കാൻ പോകുന്നില്ല എന്നു തെളിയിച്ചുകഴിഞ്ഞു. പതിവുപോലെ ഗ്രൂപ്പുവഴക്കുകളുടേയും വടംവലികളുടേയും കാലുവാരലുകളുടേയും കണക്കുതീർക്കാനുള്ള കലഹങ്ങളിൽ കവിഞ്ഞൊന്നും തന്നെ നടക്കാൻ പോകുന്നില്ല. കോടികൾ ധൂർത്തടിച്ച് കോലാഹലത്തോടെ നടത്തപ്പെടുന്ന ഈ സമ്മേളനവും ഒരു കൊച്ച് എലിയെ പ്രസവിച്ചു പിരിഞ്ഞുപോകും. മുതലാളിത്ത രീതിയിലുള്ള വികസനപ്രവർത്തനം അജണ്ടയായി സ്വീകരിക്കുകയും മാർക്സിസവും വർഗ്ഗസമരവും കൈയൊഴിയുകയും ചെയ്ത് കേവലം ഒരു ബൂർഷ്വാ ഭരണവർഗ്ഗപ്പാർട്ടിയായി മാറിയ സി.പി.എമ്മിൽ നിന്ന് മറ്റെന്താണ് പ്രതീക്ഷിക്കാനാവുക. 'വികസനത്തിന് ഒരു വർഗ്ഗരാഷ്ട്രീയമുണ്ട്' എന്ന് ശബ്ദമുയർത്തിയവർപോലും അങ്ങിനെയൊരു പ്രശ്നം സമ്മേളനത്തിൽ ഉന്നയിക്കുകയില്ലെന്ന് വ്യക്തം.

ഇപ്പോൾ ഭരണത്തിൽ കയറാൻ, നിലവിലുള്ള മർദ്ദക ഭരണകൂടത്തെ ചലിപ്പിക്കാനുള്ള ഒരു 'ജനകീയ ബദലിനെക്കുറിച്ച് ചർച്ചചെയ്യു'മെന്നാണ് പ്രകാശ് കാരാട്ട് പറയുന്നത്. എന്നാൽ, ഭരണവർഗ്ഗസേവക്കു കുറെക്കൂടെ ജനകീയമായ അണിനിരത്തലുകളെ സാധ്യമാക്കിക്കൊണ്ടുവേണം എന്നാണതിനർഥം. അതിനുവേണ്ടി സാമ്രാജ്യത്ത്വവിരുദ്ധ മുഖംമൂടി അണിയുകയും ചെയ്യും. പഞ്ചായത്തുകളിലും കോ-ഓപറേറ്റീവ് സൊസൈറ്റികളിൽപ്പോലും സാമ്രാജ്യത്ത്വ ദല്ലാൾ ഉദ്യോഗസ്ഥമൂലധനാധിപത്യവും കൊള്ളയും ശക്തമായിട്ടുള്ള ഇന്ന് ഈ ആധിപത്യത്തിൽ പങ്കുപറ്റാൻ മത്സരിക്കുന്ന ഒരു പാർട്ടിക്ക് എങ്ങിനെയാണ് സാമ്രാജ്യത്ത്വ വിരുദ്ധ നിലപാട് സത്യസന്ധമായി സ്വീകരിക്കാൻ കഴിയുക? അല്ലെങ്കിൽ നിലവിലുള്ള ഉത്പാദനബന്ധങ്ങളെ മാറ്റാതുള്ള വികസനങ്ങൾക്ക് എങ്ങിനെയാണ് ജനങ്ങളേയും നാടിനേയും സേവിക്കാൻ കഴിയുക? ഈവക രാഷ്ട്രീയ ആശയ ശാസ്ത്രങ്ങൾ പ്രതിപാദിക്കുന്ന ഒരു രേഖയും ഈ സമ്മേളനത്തിൽ ചർച്ചക്കു വരില്ല, വന്നിട്ടുമില്ല.



യജ്ഞങ്ങൾ
ആഘോഷിക്കുന്നവർക്ക് ...
ബസവൻ*

തീയെ പൂജിച്ചുട്ടുന്ന
ബ്രാഹ്മണവീട്ട്
ആളിക്കത്തുമ്പോൾ

കാനയിലെ ചെളിവെള്ളവും
തെരുവിലെ ചരലും
കോരിയെറിഞ്ഞു്
കരഞ്ഞു് നെഞ്ചത്തടിച്ച്
ആളേക്കൂട്ടും.

പൂജിച്ച കാര്യം മറന്ന്
അവരപ്പോൾ
ആ തീയെ ശപിക്കുന്നല്ലോ
സംഗമേശ്വര!

*കന്നട ഭക്തിപ്രസ്ഥാന
നായകൻ, 1134-1196

കാരണം അങ്ങിനെയൊരു രേഖ നടന്നുകഴിഞ്ഞ ജില്ലാസമ്മേളനങ്ങളിൽപ്പോലും ചർച്ചചെയ്യപ്പെട്ടിട്ടില്ല.

ഇന്ത്യയിൽ എങ്ങിനെയുള്ള സോഷ്യലിസമാണ് വേണ്ടത് എന്നു ചർച്ച ചെയ്യുന്ന ഒരു ആശയശാസ്ത്രരേഖ തയ്യാറാക്കാൻ ശ്രീമാൻ യെച്ചൂരിയെ ചുമതല പ്പെടുത്തിയിട്ടുണ്ടെന്നാണ് കേൾക്കുന്നത്. അങ്ങിനെയൊരു ആശയശാസ്ത്രരേഖ ഇതുവരെ നടന്ന ഏരിയ, ജില്ലാതല സമ്മേളനങ്ങളിൽ ചർച്ചക്കു വന്നിട്ടില്ലാത്ത സ്ഥിതിക്ക്, സംസ്ഥാന, ദേശീയതല സമ്മേളനത്തിൽ വെക്കുമോ? അങ്ങിനെ അവതരിപ്പിച്ചാൽത്തന്നെ ആര്, എങ്ങിനെയാണത് ചർച്ച ചെയ്യുക? എന്താണ തിലെ ജനാധിപത്യ കേന്ദ്രീകരണ സാംഗത്യവും യുക്തിയും?

അത്തരമൊരു രേഖ കീഴ്ഘടങ്ങളിൽ എത്താത്തതിൽനിന്നും അങ്ങിനെയൊ രു രേഖ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നുവേണം വിലയിരുത്താൻ. 21-ാം നൂറ്റാണ്ടി ലെ സോഷ്യലിസം മുതലാളിത്തത്തിലേക്കു മുതലുള്ളപ്പ കുത്തിയ ക്യൂബയുടേതു പോലെ വേണോ ഡെംഗിസ്റ്റ് ചൈനയുടേതുപോലെ വേണോ? അതോ ഷാവേർ സിന്റേതാണോ ശരി എന്ന സംശയമായിരിക്കും ഏകോപിതമായൊരു രേഖയു ണ്ടാക്കാൻ കഴിയാത്തതിലെ രഹസ്യം. സി.പി.എമ്മിനകത്തും പുറത്തും ചർച്ചാ വിഷയമായി വന്ന സ്വത്വരാഷ്ട്രീയത്തെപ്പോലും നേരിടാനുള്ള ഒരു ശാസ്ത്രീയ ചർച്ച ഈ സമ്മേളനത്തിൽ ഉയർന്നുവരാനുള്ള സാധ്യത വളരെ ദൂരത്താണ്. അത്തര മൊരു ചർച്ച കീഴ്ഘട സമ്മേളനങ്ങളിൽ നടക്കാത്തതുകൊണ്ടുതന്നെ. യഥാർത്ഥ വർഗ്ഗസമര രാഷ്ട്രീയവും വർഗ്ഗവീക്ഷണവും സമീപനവും നഷ്ടമായ പാർട്ടിയാണെ ങ്കിലും പേരു കമ്മ്യൂണിസവും മാർക്സിസവുമായി ബന്ധപ്പെട്ടതാകകൊണ്ട് 'എല്ലാം വർഗ്ഗസമരത്തിലൂടെ പരിഹരിക്കപ്പെടുമെന്നും സ്വത്വരാഷ്ട്രീയം വലതും ജാതി യവുമാണെന്നുള്ള കണ്ണടച്ച പ്രഖ്യാപനത്തിലൂടെ അഖിലേന്ത്യാ, സംസ്ഥാനസമ്മേ ളനങ്ങൾ തൃപ്തിപ്പെട്ടെന്നും വരാം. വരേണ്യവിഭാഗം കൽപ്പിച്ചാൽ മതിയല്ലോ. വൈരുദ്ധ്യാത്മകമായി പ്രശ്നങ്ങളെ സമീപിക്കാതെ എല്ലാറ്റിനേയും യാന്ത്രികമായ സമീപനത്തിലൂടെ വർഗ്ഗന്യൂനീകരണമാക്കി വികൃതമാക്കുകയും ചെയ്ത പഴഞ്ചൻ രീതിയിൽനിന്നും കരകയറി മാർക്സിസ്റ്റ് ആശയശാസ്ത്രത്തെ വികസിപ്പിക്കാനുള്ള ഒരു കോപ്പും ഈ സമ്മേളന തയ്യാറെടുപ്പിൽ ഇതു കുറിക്കുമ്പോഴും കാണാൻ കഴി ഞ്ഞിട്ടില്ല. ജാതി നോക്കി വോട്ടുതേടുന്ന അവസരവാദ പാർട്ടിക്കു ഫലവത്തായി സ്വത്വരാഷ്ട്രീയത്തെ നേരിടാനോ വർഗ്ഗനിലപാടും വർഗ്ഗസമരസിദ്ധാന്തവും ഇല്ലാത്തതുകൊണ്ടുതന്നെ വർഗ്ഗസമരം വിജയിപ്പിക്കാനോ കഴിയില്ല. അപ്പോൾ എല്ലാം ഒരു തരം ഡെമഗോഗിക്ക് ഗിമ്മിക്കുകൾ. ഏതായാലും മാർക്സിസം കൈയൊഴിഞ്ഞ ഒരു നേതൃത്വത്തിനു മുൻപിൽ മാർക്സ് -ഏംഗൽസിന്റെ ശാസ്ത്രീയ സോഷ്യലിസം ഒരു പ്രശ്നമേ ആയിരിക്കില്ലെന്നു വ്യക്തം.

ഇന്ത്യയുടെ സൈനിക അധിനിവേശങ്ങൾ

മണിപ്പൂരിൽ 19 ലക്ഷം തദ്ദേശവാസികളുണ്ട്. ഇവരെ അടിച്ചമർത്താൻ 80,000 പട്ടാളക്കാരെയും 40,000 സംസ്ഥാന സായുധ പോലീസിനേയും നിയോഗി ച്ചിരിക്കുന്നു. ഓരോ 16 ആൾക്കും 1 സൈനികൻ. ഓരോ നാല് കിലോ മീറ്ററിലും ഒരു സൈനിക ഔട്ട്പോസ്റ്റ്. കഴിഞ്ഞ മൂന്ന് ദശകങ്ങൾക്കുള്ളിൽ പതിനായിരത്തിലധികം യുവജനങ്ങളെ ഇന്ത്യൻ പട്ടാളം കൊന്നു. നീണ്ട കാലമായി തുടരുന്ന ദേശീയ വിമോചനയുദ്ധത്തെ തകർക്കാൻ ഇന്ത്യൻ അധിനിവേശശക്തികൾ വംശീയാടിസ്ഥാനത്തിൽ സായുധസംഘങ്ങൾ രൂപീകരിച്ച് തമ്മിലടിപ്പിക്കുന്നു.

അഫ്ഘാനിസ്ഥാൻ: ബോൺ യോഗത്തിന്റെ അജണ്ട

പത്ത് വർഷം മുമ്പ്, 2001 ഡിസമ്പറിൽ, കയ്യേറ്റ ശക്തികളായ അമേരിക്കയും ബ്രിട്ടനും സഖ്യശക്തികളും (ജർമ്മനിയിലെ) ബോൺ നഗരത്തിൽ വെച്ച് ഒത്തുകൂടി. നമ്മുടെ ജനങ്ങ ൾക്കെതിരെയുള്ള യുദ്ധത്തിന്റെ ഗതി നിശ്ചയി ക്കാനും അഫ്ഘാനിസ്ഥാനിൽ ഒരു പാവഭരണം സ്ഥാപിക്കാനുമായിരുന്നു ആ യോഗം. 'ഭീകരത യ്ക്കെതിരെയുള്ള യുദ്ധത്തിന്റെ' മറവിൽ അഫ്ഘാ നിസ്ഥാനിലെ സാമ്രാജ്യത്വ കൈയ്യേറ്റയുദ്ധ ത്തിന് സാർവ്വദേശീയവും നിയമപരവുമായ മറ നല്കാൻ ഐക്യരാഷ്ട്രസഭയെ ഉപയോഗപ്പെടുത്തി. അന്നത്തെ തീരുമാനം അനുസരിച്ച് മൂന്ന് വർഷം കൊണ്ട് യുദ്ധം തീരേണ്ടതായിരുന്നു. ഇപ്പോൾ പത്ത് വർഷമായി അത് തുടരുന്നു. ബോണിൽ അവർ വീണ്ടും ഒത്തുചേരുമ്പോൾ പതിമൂന്ന് വർഷത്തെ പദ്ധതിയാണ് തീരുമാനിക്കാൻ പോകുന്നത്. രണ്ട് ഘട്ടമായിട്ടാണ് ഇത് നട പ്പാക്കുക. 2014 അവസാനംവരെ ആദ്യഘട്ടം. പിന്നെ 2024 വരെ അടുത്ത ഘട്ടം. ആദ്യഘട്ടം തീരുമ്പോൾ അമേരിക്കൻ സേനയുടെ ഒരു ഭാഗ വും സഖ്യസേനകൾ മുഴുവനായും രാജ്യം വിട്ടു പോകും. ഇതിനുശേഷവും നമ്മുടെ രാജ്യത്തിനും ജനങ്ങൾക്കും എതിരെയുള്ള കൈയ്യേറ്റവും സൈനിക ഇടപെടലും തുടരുന്നതിന് പാവ ഭര ണവും കൈയ്യറ്റശക്തികളും തമ്മിലുള്ള തന്ത്രപര മായ സൈനിക, രാഷ്ട്രീയ, സാമ്പത്തിക ബന്ധ ങ്ങൾ ഔപചാരികമാക്കണം. അതിനാണ് ബോൺ 2. 2014ന് ശേഷവും അഫ്ഘാനിസ്ഥാ നിലെ നിരവധി സൈനിക താവളങ്ങളിലായി പതിനായിരകണക്കിന് സൈനികരെ നിലനിർ ത്താനാണ് അമേരിക്ക ഉദ്ദേശിക്കുന്നത്. യുഎസ്സും കർസായിയും തമ്മിലുണ്ടാക്കിയ കരാർ ഇതിന് നിയമപരമായ ചട്ടമുണ്ടാക്കി. വ്യാപനവാദി പിന്തിരിപ്പൻ ഇന്ത്യൻ ഭരണകൂടവും കാബൂളിലെ പാവ സർക്കാരും തമ്മൽ ഈയിടെ ഒപ്പിട്ട കരാർ കർസായി ഭരണം സാമ്രാജ്യത്വശക്തി കളുമായി ഉണ്ടാക്കിയ തന്ത്രപരമായ ധാരണകളു ടെ ഭാഗമാണ്. ഫലത്തിൽ ഇന്ത്യൻ ഭരണകൂടവും കാബൂളിലെ പാവഭരണവും പാക്കിസ്ഥാനെതിരെ ഒത്തുചേർന്നിരിക്കുന്നു. പാക്കിസ്ഥാന്റെ രൂപീകരണം മുതൽ അതിർത്തിയെ തിരി ക്കുന്ന ഡ്യൂറന്റ് രേഖയെ മുൻനിർത്തി ആ രാജ്യവും അഫ്ഘാനിസ്ഥാനിലെ ഭരണാ ധികാരികളും തമ്മിൽ വൈരുദ്ധ്യങ്ങൾ നിലനിന്നിരുന്നു. ഇതുമൂലം ഇന്ത്യയുമായി സൗഹാർദ്ദവും നിലനിന്നു. എന്നാൽ ഈ സൗഹൃദബന്ധം ഇതാദ്യമായാണ് തന്ത്രപരമായ തലത്തിലേയ്ക്ക് എത്തു ന്നത്. ഇത് ഈ മേഖലയിലെ പിരിമുറുക്ക ത്തിനും സംഘർഷങ്ങൾക്കും കാരണമാ കും. മറുവശത്ത് അമേരിക്കൻ താവളങ്ങളു ടെ നീണ്ടകാല നിലനില്പ് ഇറാൻ, റഷ്യ, ചൈന എന്നിവ ഉൾപ്പെടെ ചുറ്റിലുമുള്ള എല്ലാ രാജ്യങ്ങൾക്കും ഭീഷണിയാകും. ഭീകരവാദത്തിനെതിരെ പൊരുതാനൊന്നു മല്ല, തങ്ങളുടെ തന്ത്രപരമായ ആഗോള രാഷ്ട്രീയ, സാമ്പത്തിക താല്പര്യങ്ങൾ ഉറപ്പ് വരുത്താനാണ് അമേരിക്കയും സഖ്യശക്തി കളും അഫ്ഘാനിസ്ഥാനിൽ കൈയ്യേറ്റ യുദ്ധം നടത്തുന്നതെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നു. അമേരിക്കൻ സേനയുടെ നീണ്ടകാല സാന്നിദ്ധ്യം ജനങ്ങളുടെ ചെറുത്തുനില്പ് ശക്തമാക്കും. അതിന്റെ വ്യാപ്തിയും വർദ്ധിക്കും. ഈ മേഖലയിലുട നീളം എതിർപ്പ് വർദ്ധിക്കും. മുഴുവൻ സാമ്രാ ജ്യത്വവ്യവസ്ഥയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, വിശാല അടിത്തറ യിൽ നീണ്ടകാലമായി നടത്തുന്ന ദേശീയ പ്രതിരോധത്തിലൂടെ അമേരിക്കൻ ശക്തി കളെയും രാജ്യത്തിനകത്തുള്ള അവരുടെ കൂട്ടാളികളെയും പരാജയപ്പെടുത്താൻ കഴി യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ദൃഢ വിശ്വാസത്തോടെ ദേശീയ പ്രതിരോധ വിപ്ലവയുദ്ധത്തിന്റെ തയ്യാറെടുപ്പിൽനിന്ന് തുടക്കംകുറിക്കുന്നതിലേയ്ക്ക് കഴിവതും വേഗം മുന്നേറാനാണ് ഞങ്ങൾ യത്നിക്കുന്നത്.

(അഫ്ഘാനിസ്ഥാൻ കമ്മ്യൂണിസ്റ്റ് (മാവോയിസ്റ്റ്) പാർടിയുടെ നവമ്പർ 22 പ്രസ്താവനയിൽനിന്ന്)

കൊലയാളികൾ കൂട്ടകൊലകൾ വിഷയമാക്കുമ്പോൾ

ഓട്ടോമാൻ സാമ്രാജ്യം ലക്ഷകണക്കിന് അർമീനിയക്കാരെ കൂട്ടകൊല ചെയ്ത നരഹത്യ തുർക്കി ചരിത്രപുസ്തകങ്ങളിൽ കാണില്ല. അങ്ങനെയൊ ന്ന് സംഭവിച്ചതായി പറയുന്നതും എഴുതുന്നതും കുറ്റമാണ്. അത് ലംഘിച്ചതിനാണ് പ്രസിദ്ധ നോവലിസ്റ്റ് ഓർഹാൻ പാമുക്കിനെ തുർക്കി കോടതി ശിക്ഷിച്ചത്. ഇപ്പോൾ ഫ്രാൻസ് പുതിയ നിയമം നടപ്പാക്കിയിരിക്കുന്നു. അർമീനി യൻ നരഹത്യ നിഷേധിക്കുന്നത് ഇനി അവിടെ കുറ്റകരമായിരിക്കും. എല്ലാ നരഹത്യകൾക്കും ഈ നിയമം ബാധകമാണെന്ന് ഫ്രെഞ്ച് സർക്കാർ വിശദീകരിച്ചിട്ടുണ്ട്. 'എല്ലാം' എന്ന് പറയുന്നതിൽ അൽജീറിയയിലും വിയറ്റ്നാമിലും മറ്റു അധിനി വേശങ്ങളിലും ഫ്രെഞ്ച് ഭരണാധികാരികൾ നടത്തിയ കൂട്ടകൊലകളും ഉൾപ്പെടുന്നതായി അറിയില്ല. ഏതായാലും, സാർക്കോസി ഭരണ ത്തിന്റെ വൈകിയുദിച്ച നരഹത്യാവിരോധം മനുഷ്യാവകാശ പ്രേരിതമല്ലെന്ന് ഉറപ്പിക്കാം. അഫ്ഘാനിസ്ഥാനിലെ സൈനിക അധിനി വേശത്തിന്റെ കൂട്ടകൊലകളിലെ അതിന്റെ പങ്കാ ളിത്തം മതി ഇത് മനസിലാക്കാൻ. മുസ്ലിംവിരു ദ്ധത ഊട്ടി വളർത്തി സങ്കുചിത ദേശീയവികാരം മുതലെടുത്ത് ഫാസിസവൽക്കരണം ഉത്തേജി പ്പിക്കാനും, അതോടൊപ്പം വരാനിരിക്കുന്ന തെര ഞ്ഞെടുപ്പിന് ഒരുങ്ങാനുമാണ് പുതിയ നിയമം. ഫ്രാൻസും തുർക്കിയും തമ്മിൽ ഇതേ ചൊല്ലി തർക്കിക്കുന്നതിനിടയിൽ മറ്റൊരു കൂട്ടകൊലയുടെ വാർത്തയും ചില മാധ്യമങ്ങളിൽ മിന്നിമറഞ്ഞു. മതത്തിന്റെയോ, ദേശീയതയുടെയോ പേരിലല്ല, കമ്മ്യൂണിസ്റ്റുകാരായതുകൊണ്ടാണ് 5 ലക്ഷത്തി ലധികം ന്തോനേഷ്യക്കാരെ 1965ൽകൊന്നൊടു ക്കിയത്. ഇത് അംഗീകൃത സംഖ്യ. കൊല്ലപ്പെട്ട വരുടെ സംഖ്യ ഇതിലിരട്ടിവരും എന്നാണ് പുതിയ അറിവ്. ബാലി ദ്വീപിൽ മാത്രം 2.5 ലക്ഷം പേരെ കൊന്നതായി കണ്ടെത്തി. ഇതുകൂടാതെ ലക്ഷങ്ങളെ കോൺസൻട്രേഷൻ ക്യാമ്പുകളിൽ അടച്ചുപൂട്ടി, നാല്പതോളം കൊല്ലം. ഇന്തോനേ ഷ്യൻ പട്ടാളത്തെയും ഇസ്ലാമിക



സംഘടനകളെയും ഉപയോഗിച്ച് അമേരി ക്കയുടെ സിഐഎ ആണ് ഇതെല്ലാം ആസൂത്രണം ചെയ്ത് നടപ്പാക്കിയത്. 32 വർഷം നിണ്ടുനിന്ന സുഹാർത്തോ സൈനി ക സ്വേഛാധിപത്യത്തിന് അത് വഴിയൊരുക്കി. അടുത്തകാലം വരെ ഈ നരഹത്യ ഇന്തോനേഷ്യൻ ചരിത്ര പഠനത്തിന് നിഷിദ്ധമായിരുന്നു. ഇപ്പോഴും പാഠപുസ്തകങ്ങളിൽ അതില്ല. പകരമുള്ളത് കമ്മ്യൂണിസ്റ്റ് അട്ടിമറി ശ്രമത്തെ പട്ടാളം

Munnaniporali
D. No. 365/A, P.O. Ponnore, Thrissur, Keralam - 680552
e-mail: munnaniporali@yahoo.co.in blog: munnaniporali.wordpress.com

1st February 2012
Registred No. PGT/016/2012-14
News paper Reg. 14/AL/93/TC

നേഴ്സുമാരുടെ സമരം

നീണ്ട ചികിത്സ ആവശ്യമായ ആരോഗ്യമേഖല

ലോകമാകെ തൽസമയം 'മോക്ഷം' നൽകുന്ന അമൃതാനന്ദമയിയുടെ സ്ഥാപനത്തിൽ തന്നെയാണ് സമരം തുടങ്ങിയതെന്നത് യാദൃച്ഛികമല്ല. ആത്മീയവതാരങ്ങളും, സാമ്പത്തിക ചൂഷണവും തമ്മിലുള്ള ഗാഢബന്ധം പുതിയതല്ലയെന്നതിന്റെ നല്ല ഉദാഹരണമാണ്.

വികസനത്തേയും വളർച്ചയേയുംപ്പറ്റിയുള്ള കേരളത്തിലെ മുഖ്യധാരയിൽ നടക്കുന്ന അതിവേഗചർച്ചകളുടെ പൊള്ളത്തരത്തെ തുറന്നുകാട്ടുന്ന ശ്രദ്ധേയമായ ചിലസംഭവവികാസങ്ങൾക്കാണ് സംസ്ഥാനം അടുത്തകാലത്തായി സാക്ഷ്യം വഹിക്കുന്നത്. അതിൽ ഏറ്റവും പ്രധാനം സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ നഴ്സുമാർ നടത്തുന്ന സമരം.കേരളത്തിൽ മാത്രമല്ല ലോകമാകെ തൽസമയം 'മോക്ഷം' നൽകുന്ന അമൃതാനന്ദമയിയുടെ സ്ഥാപനത്തിൽ തന്നെയാണ് സമരം തുടങ്ങിയതെന്നത് യാദൃച്ഛികമല്ല. ആത്മീയവതാരങ്ങളും, സാമ്പത്തികചൂഷണവും തമ്മിലുള്ള ഗാഢബന്ധം പുതിയതല്ലയെന്നതിന്റെ നല്ല ഉദാഹരണമാണ്. നഴ്സുമാരുടെ സമരം വെളിച്ചത്തുകൊണ്ടുവരുന്ന വസ്തുത ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തികചൂഷണത്തിന്റെ ചരിത്രമാണ്. രോഗം ഏറ്റവും വലിയ വ്യാപാരമായി മാറിയ സംസ്ഥാനമാണ് കേരളം. വർഷംതോറും 17,000 കോടി രൂപയാണ് ചികത്സക്കായി കേരളം ചെലവിടുന്നതെന്നാണ് ശാസ്ത്രസാഹിത്യപരിഷത്തിന്റെ കണക്കുകൾ നൽകുന്ന സൂചന. ഇതിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് സ്വകാര്യമേഖലയിലെ ആശുപത്രികളും, മെഡിക്കൽ സ്റ്റോറുകളും വഴിയാണ്. ഇത്രയും ഭാരിച്ച തുകയിൽ നിന്നും ലഭിക്കുന്ന ഭീമമായ ലാഭത്തിന്റെ തോത് അമ്പരിപ്പിക്കുന്നതാണ്. ഇത്രയും ലാഭം കൊയ്യുന്ന സ്ഥാപനങ്ങളാണ് സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള മിനിമം ശമ്പളം പോലും നഴ്സുമാർക്ക് നൽകാൻ മടിക്കുന്നത്. സമരത്തിനെതിരെ എസ്മാ നിയമം പ്രയോഗിക്കണമെന്ന ആവശ്യവുമായി രംഗത്തുവന്നിരിക്കുന്ന ഐഎംഎ-യുടെ നിലപാടിനെ നീതിബോധമുള്ള എല്ലാവരും എതിർക്കുമെന്നു തീർച്ചയാണ്. ഈ സംഘടനയിലെ അംഗങ്ങളിൽ ഭൂരിപക്ഷത്തിനും സ്വകാര്യആശുപത്രികളിലെ ഉടമകളാണെന്ന വസ്തുത തിരിച്ചറിയുമ്പോഴാണ് രോഗികളുടെ ക്ഷേമത്തെക്കുറിച്ചുള്ള ഉത്കണ്ഠകളുടെ പൊള്ളത്തരം വെളിപ്പെടുക. നഴ്സുമാരുടെ സമരത്തിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനൊപ്പം കേരളത്തിൽ അതിവേഗം വളർച്ച നേടുന്ന മറ്റു സേവനമേഖലകളിലും നിലനിൽക്കുന്ന താഴ്ന്ന വേതനനിരക്കിന്റെ യാഥാർത്ഥ്യങ്ങളും തുറന്നുകാട്ടേണ്ടതാണ്. കേരളത്തിലെ നീതിബോധമുള്ള മുഴുവൻ ജനങ്ങളും ഇത്തരം സമരങ്ങളെ പിന്തുണക്കേണ്ടതാണ്. •

...കൊലയാളികൾ

വിഫലമാക്കി എന്ന കെട്ടുകഥയാണ്. സുഹാർത്തോ സ്വേഛാധിപത്യം തറപറ്റിയതോടെ ഇതിനൊരു മാറ്റം വന്നു. 1965ലെ പട്ടാള അട്ടിമറിയുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതു് ഭരണഘടനാകോടതി അനുവദിച്ചു. മനുഷ്യാവകാശ പ്രവർത്തകർ അന്നത്തെ കൂട്ടകൊലയെ കുറിച്ചുള്ള വിവരങ്ങൾ പുറത്തുകൊണ്ടുവരാൻ തുടങ്ങി. അന്ന് പീഢനത്തിന് ഇരയായവരിൽ ചിലർ ഒത്തുചേർന്നു പ്രസിദ്ധീകരിച്ച 'നിശബ്ദതയെ ഭേദിക്കുമ്പോൾ' ('Breaking the Silence') എന്ന ഓർമ്മപുസ്തകത്തിന്റെ പ്രകാശനമാണ് ഇപ്പോൾ വാർത്തയായതു്. ഇതേപശ്ചാത്തലത്തിലുള്ള ഒരു സിനിമ വ്യാപകമായി ശ്രദ്ധിക്കപ്പെട്ടു. ഇതെല്ലാം ഇംഗ്ലീഷ് വായനകാരെ ആദ്യം അറിയിച്ചതു് അമേരിക്കയിലെ 'ദ ന്യൂ യോർക്ക് ടൈംസ്.' ആധുനിക ഇന്തോണേഷ്യൻ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ അദ്ധ്യായങ്ങളിൽ ഒന്നാണെങ്കിലും അപൂർവ്വമായി മാത്രം ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടം" എന്നാണ് 1965-66 ലെ കൂട്ടകൊലയെ ഈ പത്രം വിശേഷിപ്പിച്ചതു്. എല്ലാം പറയുന്നുണ്ട്, കൊല്ലേണ്ടവരുടെയും തടവിലാക്കേണ്ടവരുടെയും ലിസ്റ്റ് തയ്യാറാക്കികൊടുത്തു്, സുഹാർത്തോയോട് നിത്യേന 'നിർവ്വഹണ റിപ്പോർട്ട്' ആവശ്യപ്പെട്ട സിഐഎയുടെ പങ്കൊഴികെ. കമ്മ്യൂണിസ്റ്റ് അട്ടിമറിയെ തകർത്തവിജയ വാർത്തകളായിരുന്നു അന്നത്തെ അമേരിക്കൻ പത്രങ്ങളിൽ. ഇന്ന്, മറ്റാരോ ചെയ്തു, കൂട്ടകൊലയായി അതു് പ്രത്യക്ഷപ്പെടുന്നു. കുറച്ചുകൂടി കഴിയുമ്പോൾ സിഐഎയുടെ പങ്ക് അംഗീകരിച്ചു കൂടെന്നില്ല. ഈ കൂട്ടകൊല നിഷേധിക്കുന്നതു് കുറ്റകരമാക്കുന്ന നിയമം വന്നേക്കാം. പഴയഅട്ടിമറിക്കാരെ അന്താരാഷ്ട്ര കോടതിയിൽ വിചാരണയും ചെയ്തേക്കാം. അന്ന് സ്വേഛാധിപത്യതണലിൽ കൂട്ടകൊല. ഇന്ന് നിയന്ത്രിത വെളിപ്പെടുത്തകളിലൂടെ ജനാധിപത്യ ഒതുക്കൽ. അന്നത്തെ കൂട്ടകൊലയോടുള്ള ജനകീയ വിദ്വേഷം മുതലെടുത്തു് ഇന്നത്തെ സാമ്രാജ്യത്വ ആവശ്യങ്ങൾക്ക് അനുയോജ്യമായ നിയന്ത്രണത്തിന്റെ സാമൂഹ്യാടിത്തറ ഒരുക്കുന്ന അജണ്ട ഈ വാർത്താ റിപ്പോർട്ടിങ്ങിന് പുറകിൽ തീർച്ചയായും ഉണ്ടാകും. •

തുടക്കംമുതൽ തന്നെ, ആശയ, രാഷ്ട്രീയ രംഗത്തു മാത്രമല്ല സാമ്പത്തികരംഗത്തും ഒരു എതിരൊഴുക്കിനെ നേരിട്ടുകൊണ്ടാണ് മുന്നണിപ്പോരാളിക്ക് അതിന്റെ കഴിഞ്ഞ പതിനെട്ടിലേറെ വർഷത്തെ പ്രയാണം തുടരേണ്ടിവന്നത്. ഒഴുക്കിനെതിരായ ഈ നീന്തലിൽ അകമഴിഞ്ഞ സഹായസഹകരണങ്ങളാണ് മുന്നണിപ്പോരാളിക്ക് ജനങ്ങളിൽനിന്ന് ലഭിച്ചിരുന്നത്. എന്നാൽ സാമ്പത്തികരംഗത്ത് അതു തികച്ചും അപര്യാപ്തമായിരുന്നു എന്നതാണ് വസ്തുത.

ഇന്നത്തെ രീതിയിൽ കുറഞ്ഞ പേജുകളിൽ മുന്നണിപ്പോരാളി പ്രസിദ്ധീകരിക്കാൻ നിർബന്ധിതമായതിന്റെ കാരണവും മറ്റൊന്നുമല്ല. മറ്റൊരു കുതിപ്പിനുവേണ്ടി, ഇങ്ങനെയൊരുമാറ്റം ആവശ്യമായിരിക്കുകയാണ്. പിന്തുണയുടേയും, സഹായ സഹകരണത്തിന്റേയും കാര്യത്തിൽ അയവ് കാണിക്കാതെ തുടർന്നും ഞങ്ങളോടു സഹകരിക്കണമെന്നും പദ്ധതിയെ വിജയിപ്പിക്കണമെന്നും എല്ലാ സുഹൃത്തുക്കളോടും സഖാക്കളോടും ഞങ്ങൾ അഭ്യർഥിക്കുന്നു. മുന്നണിപ്പോരാളിയുടെ വാൽത്തല മങ്ങാതെ ശക്തിയായിത്തന്നെ അത് തുടരും എന്നു ഞങ്ങൾ ഉറപ്പുതരുന്നു. മുന്നണിപ്പോരാളിക്കുള്ള കുടിശ്ശികയും സംഭാവനയും എത്തിക്കുക.

പത്രാധിപസമിതി

എം. എൻ. രാവുണ്ണിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്നത്, ചിത്തിര പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്, കൊച്ചി - 18 ന് വേണ്ടി റെഡ് സ്റ്റാർ പ്രിന്റേഴ്സ് കോഴിക്കോട് അച്ചടിക്കുന്നത്.

മുന്നണിപ്പോരാളി
ഫിബ്രവരി 1, 2012 | ലക്കം:144
വില : ₹. 3.00

CPIM 20 PARTY CONGRESS
KOZHIKODE 2012 APRIL 4-9

മാർക്സിസം ഇല്ലാത്ത

മാർക്സിസ്റ്റ് പാർട്ടി സമ്മേളനം

ഇ-മെയിൽ ചോർത്തൽ ഒറ്റപ്പെട്ട സംഭവമോ?

കൊലയാളികൾ കൂട്ടകൊലകൾ വിഷയമാക്കുമ്പോൾ

പുതിയ ഉദാരീകരണ ആക്രമണം